**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3786** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്കു വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യോഗ്യതയ്ക്ക് അനുയോജ്യമായ വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനപദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പരിശീലന പദ്ധതികളിലൂടെ പഠനം പൂർത്തിയാക്കുന്നവർക്ക് വിദേശ രാജ്യത്തുൾപ്പെടെ തൊഴിൽ ലഭ്യമാകുന്നുണ്ട്. വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ മുഖാന്തിരം വിവിധ ട്രേഡുകളിൽ സാങ്കേതിക പരിശീലനം നൽകുകയും പ്രസ്തുത ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്യുന്നുണ്ട്. പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാസംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലെയ്സ്മെൻറ് കരസ്ഥമാക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് വിസാ/യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിച്ചു വരുന്നു. |
| (ബി) | പട്ടികജാതി വിഭാഗങ്ങൾക്കു വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പരമാവധി പേർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രയോജനം പരമാവധി പേർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനു പുറമെ വകുപ്പ നടപ്പിലാക്കുന്ന പദ്ധതികൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് ദൃശ്യശ്രവണ അച്ചടി മാധ്യമങ്ങളിലൂടെയും, ആധുനിക സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചാരണം നൽകി വരുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | ഡയറക്ടർ സൗത്ത് സോണിനെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ